(ഡി) ഇതിന് ശേഷം കൈക്കൂലി ചോദിച്ച് വാങ്ങിയത് സംബന്ധിച്ച് 20 ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഈ 20 ട്രാപ്പ് കേസുകളുടേയും അന്വേഷണം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി

13 (602) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ദേശീയ അന്ധതാ നിയന്ത്രണ പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് ; വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നേത്രചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഡി) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആവശ്യത്തിനുള്ള ഓഫ്താൽമിക് അസിസ്റ്റന്റുമാർ ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ സഞ്ചരിക്കുന്ന നേത്രചികിത്സാ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ടെന്നു കരുതുന്നുണ്ടോ ; എങ്കിൽ ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇപ്പോൾ എത്ര സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ ; ഇവയുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) നേത്ര ചികിത്സാരംഗത്ത് ആധുനിക രീതികൾ ആവിഷ്ക്കരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻമാരുടെ മാസംതോറും നടത്തിവരുന്ന സംസ്ഥാന അവലോകന യോഗത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ക്രമമായി വിലയിരുത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികളുടെ ഫലമായി കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ താഴെ പറയുന്നവയാണ് :

1.	ഒഫ്താൽമിക് അസിസ്റ്റന്റുകളെ നിയമിച്ചു ഉയർത്തപ്പെട്ട പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ	237
2.	സഞ്ചരിക്കുന്ന നേത്രചികിത്സാ യൂണിറ്റുകൾ	15
3.	മെഡിക്കൽ കോളേജിനോട് ചേർന്ന് സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകൾ	2
4.	ജില്ലാ ആശുപത്രിയിലെ നേത്രവിഭാഗം വികസനം	4
5.	(1) നേത്രബാങ്കുകൾ ഗവൺമെന്റ് തലത്തിൽ	12
	(2) നേത്രബാങ്കുകൾ സ്വകാര്യ തലത്തിൽ	2
6.	മെഡിക്കൽ കോളേജ് നേത്ര വിഭാഗം വികസനം	5
7.	റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട്	1
8.	ഒഫ്താൽമിക് അസിസ്റ്റന്റ് പരിശീലനകേന്ദ്രങ്ങൾ (മെഡിക്കൽ കേളേജുകളിൽ)	5
9.	ജില്ലാ അന്ധതാ നിയന്ത്രണ സൊസൈറ്റികൾ	14
10.	1996-1997 മുതൽ 1999-2000 ഫെബ്രുവരി വരെ 244936 തിമിരശസ്ത്രക്രിയകൾ സംസ്ഥാനത്ത് നടത്തിയിട്ടുണ്ട്.	

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം 1997-ൽ കോട്ടയത്തും, 1999-ൽ മഞ്ചേരിയിലും ഓരോ സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. 1997-ൽ എട്ടും, 1999-ൽ മൂന്നും താലൂക്ക്/സി. എച്ച്. സികളിൽ പുതുതായി നേത്രരോഗചികിത്സാ വിദഗ്ധനും ഓഫ്താൽമിക് അസിസ്റ്റന്റും അടങ്ങിയ നേത്ര ചികിത്സാ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. 1997-ൽ പതിനേഴും (17) 1999-ൽ ആറും (6) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പുതുതായി ഓഫ്താൽമിക് അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കുകയുണ്ടായി. വിവിധ ആശുപത്രികളിലെ നേത്ര ശസ്ത്രക്രിയയ്ക്കുള്ള ഓപ്പറേഷൻ തീയറ്ററുകൾ പുതുക്കി പണിയുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ഓഫ്താൽമിക് അസിസ്റ്റന്റുമാരുടെ ഒഴുവിലേയ്ക്കു നിയനമം നടത്തുന്നതിന് പി.എസ്.സി.യെ അറിയിച്ചിട്ടുള്ളതാണ്. പി. എസ്. സി. ലിസ്റ്റ് ലഭ്യമായാലുടൻ നിയമനം നടത്താവുന്നതാണ്.

(ഇ) ചില ജില്ലകളിൽ സഞ്ചരിക്കുന്ന നേത്രചികിത്സാ യൂണിറ്റുകളിൽ നേത്രരോഗ വിദഗ്ധന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നേത്ര യൂണിറ്റുകളിലല്ലാതെ മറ്റൊരു തസ്തികളിൽ ജോലി ചെയ്യുന്ന നേത്ര രോഗവിദഗ്ധരെ സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകളിലേയ്ക്ക് (തസ്തിക ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ) നിയമനം നടത്തുവാൻ അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇപ്പോൾ 14 ജില്ലകളിലും സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മഞ്ചേരിയിൽ 2-ാമത്തെ യൂണിറ്റിന്റെ അംഗീകാരം നല്കിയിട്ടുണ്ട്.

100% കേന്ദ്ര ആവിഷ്കൃത പദ്ധതി ആയതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശവും തീരുമാനവും അനുസരിച്ചു മാത്രമേ പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ജി) നൂതന ശസ്ത്രക്രിയാ രീതികളിൽ നേത്രരോഗവിദഗ്ധരെ സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള പ്രധാന കേന്ദ്രങ്ങളിൽ പരിശീലിപ്പിച്ച് വരുന്നുണ്ട്. അത്യാധുനിക ശസ്ത്രക്രിയാ ഉപകരണങ്ങൾ മിക്കവാറും എല്ലാ യൂണിറ്റുകളിലും ലഭ്യമാക്കിയിട്ടുണ്ട്. 1998-1999-ൽ 33 യൂണിറ്റുകളിലേക്ക് വിലയേറിയ ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്. സ്ലിറ്റ്ലാബ് ഇവ നൽകുകയുണ്ടായി. 1999-2000-ൽ 10 ജില്ലാ ആശുപത്രികളിൽ വിലകൂടിയതും ആധുനികവുമായ ഉപകരണങ്ങൾ വാങ്ങി നല്കുവാൻ 77.74 ലക്ഷം രൂപയ്ക്കുള്ള ഓർഡർ നല്കി കഴിഞ്ഞു.

സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡങ്ങൾ

14 (*603) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ എം. വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് ഈ സർക്കാർ പുതുക്കിയമാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ സർവീസ് സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം കുറ്റമറ്റതാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; നിലവിലുള്ള സ്ഥലം മാറ്റ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് സർക്കാർ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഇത് കർശനമായി പാലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly